# കേരള പ്രൈവററ് കോളേജ് ടീച്ചർ

# AKPCTA

ജേർണൽ 1982 ജൂലൈ

കേരള
പ്രൈവററ് കോളേജ് ടീച്ചർ

അഖില കേരള
പ്രൈവററ് കോളേജ്
അദ്ധ്യാപകസംഘടനയുടെ
മുഖപത്രം

നമ്പർ; 37

ജൂലൈ 1982

വില:

ഒററപ്രതി–75 പൈസ
വാർഷികവരിസംഖ്യ-7 50 രൂപ

പത്രാധിപസമിതി;

എം. ആർ. ചന്ദ്രശേഖരൻ
(ചെയർമാൻ)
എൻ. എം. ജോസഫ്
എം. കെ. ചിണ്ടൻകുട്ടി
തോളൂർ ശശിധരൻ
കെ. കെ. രാമകൃഷ്ണൻ
ടി. ഗോപാലകൃഷ്ണൻ
വി. നാരായണൻകുട്ടി
വി. എൻ. മുരളി
(ചീഫ് എഡിററർ)


# അറിയിപ്പുകൾ

## മെമ്പർഷിപ്പ്

ബ്രാഞ്ചുസെക്രട്ടറിമാർ മെമ്പർഷിപ്പുപ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിൽ ശ്രദ്ധിയ്ക്കുക. എത്രയും പെട്ടെന്നുതന്നെ വരിസംഖ്യ ട്രഷററുടെ പേർക്ക് അയയ്ക്കുക.

മേൽവിലാസം;

*Prof. M. K. Chindankutty*
*Sir syed college, Thalipparambu*
*Cannannore*

## വെൽഫയർ ട്രസ്ററ്

എല്ലാ എ. കെ. പി. സി. ടി. എ. അംഗങ്ങളും വെൽഫയർ ട്രസ്ററിലും അംഗങ്ങളാകണം. ഈ രംഗത്ത് സംഘടനയുടെ ഉത്തരവാദിത്വം വളരെവർദ്ധിച്ചിരിയ്ക്കുന്ന കാലമാണിത്. അതറിഞ്ഞുള്ള പ്രവർത്തനം ഉണ്ടാകേണ്ടിയിരിയ്ക്കുന്നു. ബ്രാഞ്ചുസെക്രട്ടറിമാർ ശ്രദ്ധിയ്ക്കുമല്ലോ. ട്രസ്ററിലേയ്ക്കുള്ള തുക ജനറൽ സെക്രട്ടറിയുടെ പേർക്കയയ്ക്കുക.

മേൽവിലാസം:

*Prof. N. M. Joseph*
*St. Thomas college*
*Palai, Kottayam*

## ജേർണൽ

പല ബ്രാഞ്ചുകളും ജേർണൽ വരിസംഖ്യയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇത് ഉടനേ എത്തിച്ചുതരണം. ജേർണൽ മുടങ്ങാതെ നടത്തിക്കൊണ്ടു പോകാൻ സഹായകമായ വിധത്തിൽ പരമാവധി അംഗങ്ങളെ വരിക്കാരാക്കുക. വാർഷിക വരിസംഖ്യ ഏഴരരൂപയാണ്. തുക ചീഫ് എഡിറററുടെ പേർക്കയയ്ക്കുക.

മേൽവിലാസം;

*V. N Murali.*
*Vasantham*
*Chempakaserry Lane*
*Kesavadasapuram, Trivandrum-4*

എം. ആർ. ചന്ദ്രശേഖരൻ, പ്രസിഡന്റ്

# ചങ്ങനാശ്ശേരിയിലെ ധൂമകേതു

എൻ. എസ്സ്. എസ്സ്. കോളേജുകൾ ഭരിക്കുന്ന എൻ. എസ്സ്. എസ്സ്. വിദ്യാഭ്യാസ വകുപ്പിന്റെ ആസ്ഥാനം ചങ്ങനാശ്ശേരിയിലാണ്. അവിടെ ഇപ്പോൾ അധികാരം നടത്തുന്നത് ആരോ! എന്തായാലും അവിടെ ഇപ്പോൾ അധികാരം നടത്തുന്ന ആൾ എൻ. എസ്സ്. എസ്സിന് ഒരു ധൂമകേതുവായിത്തീരുമെന്നതിൽ സംശയിക്കാനില്ല. കഴിഞ്ഞ ഒരുകൊല്ലം അവിടെനിന്നിറക്കിയിട്ടുള്ള ട്രാൻസ്ഫർ പട്ടികകൾക്ക് കണക്കില്ല. എല്ലാ മാസവുമല്ല, എല്ലാആഴ്ചതന്നെയും ട്രാൻസ്ഫർ പട്ടികകളുണ്ടായി. പുതിയ കൊല്ലം തുടങ്ങിയതേയുള്ളു: ആദ്യത്തെ പട്ടികവന്നു. ഈ പട്ടികകളുടെയൊക്കെ ഒരു പ്രത്യേകത അറിയപ്പെടുന്ന എ. കെ. പി. സി. ടി. എ. നേതാക്കന്മാരെ ദ്രോഹിക്കുക എന്ന ഉദ്ദേശ്യം അതിൽ മുഴച്ചുനിൽക്കുന്നു ണ്ടെന്നുള്ളതാണ്. ട്രാൻസ്ഫർ ഭരണസൗകര്യത്തിനുവേണ്ടിയുള്ള ചില ക്രമീകരണങ്ങൾ എന്ന രചനാത്മകമായ സ്വഭാവമുള്ള ഒരുകൃത്യമാണ്. എന്നാൽ, എൻ. എസ്സ്. എസ്സിലെ ട്രാൻസ്ഫറുകൾ എ. കെ. പി. സി. ടി. എ. യുടെ ഊർജ്ജസ്വലരായ പ്രവർത്തകരെകൊണ്ട് കാറകളിക്കാനുള്ള ഒരു സംരംഭമാകുന്നു. തീർച്ചയായും, ഈയൊരു പ്രതികാരം മാത്രമല്ല ട്രാൻസ്ഫറിന്റെ പുറകിലുള്ളത് എന്ന് അറിയാത്തവരല്ല ഞങ്ങൾ. അത് ഒരു കൽപവൃക്ഷമാണല്ലോ. പണ്ടൊരു ഹുണ്ടികക്കാരൻ പറഞ്ഞത്രേ: ''മകനേ, മുതലല്ലകാര്യം—പലിശയാണ് മുതൽ.'' അതുപോലെയാണ് എൻ. എസ്സ്. എസ്സ്. ഭരണനടത്തിപ്പുകാർ ചിന്തിക്കുന്നത് എന്നുവേണം കരുതാൻ, എന്തുകൊണ്ടെന്നാൽ, ഉദ്യോഗ നിയമനത്തിലെ പിരിവ് ഒരിക്കലേയുള്ളു. എന്നാൽ, ട്രാൻസ്ഫറിന്റെ പേരിൽ ഭരണനടത്തിപ്പുരംഗത്തെ കൊയ്യാണികൾക്ക് വീണ്ടും വീണ്ടും പിരിവുനടത്താമല്ലോ. ഇതിൽ മുകളിലുള്ളവർക്ക് പങ്കുകിട്ടുന്നുണ്ടോ എന്നതിനെപ്പററി ഞങ്ങൾക്കറിവില്ല. ഇല്ലെങ്കിൽ പക്ഷെ, എൻ. എസ്സ്. എസ്സിലെ ഈ ദുർവ്യാപാരം ഉച്ഛൃംഖലമായിത്തുടരുന്നതെങ്ങനെ?

കോർപ്പറേററ് മാനേജുമെന്റുകളിൽ അദ്ധ്യാപകരുടെ ട്രാൻസ്ഫറിന് വ്യവസ്ഥയുണ്ടാക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടാൻ തുടങ്ങിയിട്ടു കാലമേറെയായി. ഗവൺമെന്റ് ഇതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്ന് ഞങ്ങൾക്ക് ആക്ഷേപമുണ്ട്. ഇപ്പോഴാകട്ടെ, എൻ. എസ്സ്. എസ്സിലെ സ്ഥിതി അസഹനീയതയുടെ പരകോടിയിലെത്തിയിരിക്കുന്നു. ഉഗാണ്ടയിൽ

നിന്നോടിയ ഇദി അമീൻ പഞ്ചനാശ്ശേരി യിൽ കോളജു ഭരണം ഏറെറടുത്തോ എന്ന് ശങ്കിക്കേണ്ട സ്ഥിതിയാണിന്നു ള്ളത്. കേരളത്തിലെ യുവാവായ വി ദ്യാഭ്യാസ മന്ത്രി ഈ അന്യായത്തിന് — അക്രമത്തിന് — അനദ്ധ്യായമായ നരപീ ഡനത്തിന് അറുതി വരുത്താൻ അടിയ ന്തിര നടപടികരം എടുക്കണമെന്ന് ഞ ങ്ങരം അഭ്യർത്ഥിക്കുന്നു.

## പുല്ലു മേയുന്ന കുതിരകൾ

സവാരിക്കുതിരയായാലും വണ്ടി ക്കുതിരയായാലും പടക്കുതിരയായാ ലും ആളൊപ്പമുണ്ടെങ്കിലെ പണിയെടു ക്കൂ. അല്ലെങ്കിൽ അവ മേയാൻ പോ കും. കൊല്ലത്തും തൃപ്പൂണിത്തുറയിലും കോഴിക്കോട്ടുമുള്ള കൊളീജിയററ് ഡെ പ്യൂട്ടി ഡയറക്ടറാഫീസുകരം ആളൊ പ്പമില്ലാത്ത കുതിരകളുടെ സ്ഥിതിയി ലാണെന്ന് പറഞ്ഞാൽ അതിശയോക്തി യല്ല. ആഫീസിൽ ആളില്ലാഞ്ഞിട്ടാ ണോ? അധികാരിയില്ലാഞ്ഞിട്ടാണോ? പ്രൈവററ് കോളേജധ്യാപകർ ക്ക് ശമ്പളം നൽകാൻ വേണ്ടിയാണ് ഈ ആഫീസുകരം ഉണ്ടാക്കിയത്. അതു മുഖേന അനേകർക്ക് ജോലികിട്ടിയ തുമാത്രമല്ല കാര്യം: എത്രയെത്ര പ്രൊ മോഷൻ പോസ്ററുകളുണ്ടായി? ഡെ പ്യൂട്ടിഡയറക്ടർമാർ മൂന്ന്; മിനി സ്ററീരിയൽ വിഭാഗത്തിലെ ഉപരിത സ്തികകരം നിരവധിയാണ്. ഇവർ ക്കൊക്കെ ചെയ്യാനുള്ളത് അധ്യാപക രുടെ ശമ്പളബില്ലുകരം കാലാകാലങ്ങ ളിൽ പാസാക്കിക്കൊടുക്കകയാണ്. ശമ്പള ബില്ലുകരം എന്നു പറഞ്ഞാൽ, ശമ്പളക്കുടിശ്ശികകരം എന്ന് വേറെ പറ യണോ? ശമ്പളത്തിൻെറ പേരിൽഉള്ള പ്രോവിഡണ്ട്ഫണ്ടിൽ നിന്ന് കടമെ ടുക്കുന്ന കാര്യം പ്രത്യേകിച്ചെടുത്തു പറയണോ? ചില ഡെപ്യൂട്ടിഡയറക്ട റാഫീസുകളിലെ ചെയ്തികണ്ടാൽ, അ ങ്ങനെ ആഫീസുണ്ടാക്കിയിട്ടുള്ളത്, ദൈവം വരം കൊടുത്ത് സുഖിക്കാൻ വിട്ട ചിലരുടെ സ്വച്ഛന്ദവിലാസത്തി നു മാത്രമാണെന്നാണ്. കോളേജുക ളിൽ നിന്ന്‌വരുന്ന കടലാസുകരം നോ ക്കാൻ അവർക്ക് നേരമില്ല. അധ്യാപ കർ അർത്ഥികളായി ചെന്നാൽ പല ഉദ്യോഗസ്ഥൻമാർക്കും കണ്ണുമിഴി യില്ല. അത്യാവശ്യമുള്ള ഒരു കടലാസ് അടുത്ത ആഴ്ചയിലേക്ക് ശരിയാവു മോ എന്ന് ചോദിച്ച അധ്യാപക നോട്. "അടുത്താഴ്ച, ഹാ, അന്നേ ക്ക് ലോകത്തിൽ എന്തൊക്കെ സംഭ വിച്ച്കൂട? " എന്നുവേദാന്തം പറഞ്ഞ ഒരു പുള്ളി ഒരു ഡെപ്യൂട്ടിഡയറക്ട റാഫീസ് ഉദ്യോഗസ്ഥനാണ്! ഇവർ അധ്യാപകരുടെ ക്ഷമയെ അതിരുവി ട്ടു പരീക്ഷിക്കുകയാണെന്ന് പറയാൻ ഞങ്ങരംക്ക് ശങ്കയില്ല.

തുടക്കത്തിൽ പറഞ്ഞ കുതിരയു ടെ കഥ തുടരട്ടെ. കുതിരക്ക് തക്കകു തിരക്കാരൻ വേണം. ഡെപ്യൂട്ടി ഡയ റക്ടർ അപ്പീസ്സുകളിൽ അധ്യക്ഷ്യം വ ഹിക്കാനെത്തുന്ന ഗവൺമെൻറ് കോളേ ജ് പ്രൊഫസ്സർമാരിൽ പലർക്കും ഭര ണകാര്യങ്ങരം അറിയില്ല. തങ്ങളുടെ ആപ്പീസ്സിലുള്ളവർ താന്താങ്ങളുടെ ജോ ലി ചെയ്യുന്നുണ്ടോ എന്ന് പരിശോധി ക്കാൻ അർവക്ക് പാടവമില്ല. റിട്ടയർമെ

(ശേഷം 8-ാം പേജ്)

# 1982 ജൂൺ 14 - ന് വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രൈവററ് കോളജദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ എ.കെ.പി.സി.ടി.എ. വിതരണംചെയ്ത കുറിപ്പ്

*1. Decisions taken by the Govt. on the demands of the College teachers who launched an indefinite strike from 4-2-1981 (contained in the Covt. letter 1233/D2/81.H.Edn. dated 1-3-1981)*

The Govt. assured the College Teachers that certain benefits would be sanctioned to them within a period of 6 months from 1-3-1981. The benefits promised have not yet been made available to the teachers, though it is more than 15 months since the teachers were given specific assurances. Even things which could have easily been done by the Govt. have not yet been done.

University Amendment Act 1978

In the Govt. letter referred to above, it has been stated that "steps would be taken to repeal" the existing provisions in the University Acts regarding forfeiture of salary for failure to take up work connected with University Examinations. It is quite distressing that no concrete step has yet been taken by the Govt. in this direction.

Non-Cadre Professorship (Grade I)

It was promised that "the State Govt. would consider the question of sactioning Non-Cadre I Grade Professorship" if the green signal for the implementation of the U.G.C. Scheme did not come from the Central Govt. within a period of six months. We are not aware whether the state Govt. have taken any concrete action for making the Central Govt. agree to the U.C.C. scheme with modifications found necessary in the state. Also, the promised decision on the sanctioning of I Grade Professorship has not yet been taken. Nor has the post of Jr. Lecturer been abolished yet by the Govt.

Norms for transfers in Colleges under Corporate Managements

Persuant to the decission of the Govt. on teachers demand for evolving norms to govern the transfers of teachers in colleges under corporate Managements, a Conference of the representatives of private Managements and Teachers' Organisations was convened by the Govt.

And the question of evolving the Norms was inconclusively discussed. No definite norms could be evolved then. But no follow up action has since been taken on this by the Govt. What distresses the teachers most now is that since the time the Govt. announced their decision on the demand for evolving norms, the corporate Managements more particularly, the N.S.S. Management, have turned very vindictive and have been using the weapon of transfer indiscriminately. This month also the N.S.S. Management effected a large number of transfers and the family life of certain active workers of the Teachers' Association has now been completely dislocated. What is more, the Managements won't even tolerate the aggrieved teachers giving expression to their feelings of protests. We request the Govt. to view this matter most seriously and take early action for putting an end to the indiscriminate use of the weapon of transfer against teachers.

Amendment to Section 57 (6) of the University Acts, 1974/1975

We were then told, urgent action was being taken to amend section 57 (6) of the university Acts-1974/75 in the light of the judgement of the Kerala High court regarding the scope of the Section, in order to protect the teachers who were thrown out of service or were appointed against temporary vacancies. Bills containing the necessary provisions were, prepared and published by the Govt. twice but those were not passed by the State Assembly for one reason or other. And the result is, the teachers, appointed against leave vacancies and with long years of service, are being thrown out of service in the absence of clear provisions of law. We would request the govt. to take very urgent steps for suitably amending the relevant sections of the Acts (giving the amendment retrospective effect from 1974).

*2. Strike period Salary*

At the time of the withdrawal of the indefinite strike the teachers were informaly assured by the Govt. that they would be paid their salary for the period from 4-2-1981 to 28-2-1981 in case they held special classes to finish the topics. The teachers, accordingly, conducted classes in April 1981 to finish the topics. But the words given to them by the Govt. have not yet been kept.

*3. The Service of Teachers prior to break of more than 2 years*

The Govt. have graciously issued orders for counting Jr. Lecturer / Tutor service for the purpose of promotion of Lecturers as Non-cadre Professor. The break in service in the case of teachers having Jr. Lecturer service is bound to be more than two years for obvious reasons in many cases. We request that the existing orders stipulating that the service of teachers prior to break would be counted for non-cadre promotion only if the period of break does not exceed two years, may please be suitably modified to ensure that the benefits contemplated by G. O. M. S. 10/81/H. Edn. dt. 28-1-1981 become available to the teachers.

*4. Earned Leave for University Examination work done during vacation*

Under the orders already issued by the Govt. earned leave is available only for in-

vigilation work done during the vacation— those who do valuation work in centralised valuation camps and those who do the work of conducting practical examinations during the vacation are denied this benefit. This is discrimination and hence quite unjust. We request that the benefit may kindly be made available to all those who are doing examination work during the vacation.

*5. House Loan to the Private College Teachers*

It is requested that a Govt. scheme under which the teachers of private college can get house construction loan from the Govt. may please be instituted as early as possible (There was some provision for this in the 1981-82 budget)

*6. Medical Reimbursement*

The Govt. would kindly consider the question of instituting a scheme whereby the teachers of private colleges can be reimbursed the Medical expenses that they incur.

*7. Salary to the newly appointed teachers*

At present there is considerable delay in getting salary because of the undue delay in getting the appointments of new entrants approved by the concerned University. Approving an appointment by the concerned University now involves long delay chiefly because of procedural formalities, The Govt. is therefore, requested to evolve a mechanism under which the teachers can be paid salary at the end of the first month of the appointment itself.

*8. Delay caused in the offices of the Deputy Directors of Collegiate Educatiou*

Undue delay has been caused in the offices of the Deputy Directors of Collegiate Education in passing salary/arrear bills for payment and in sanctioning P. F loans, The offices are not found to be sympathetic in their attitude towards the teachers. Though we have been requesting the authorities to take effective measures for redressing the grievances of the teachers. they have not yet taken effective measures for improving the situation.

*9. Inter-Management Transfer of teachers working in colleges under private Managements*

At present there are no provisions in the University laws to facilitate inter-management transfer of teachers working in Colleges under Private Managements similar to those in existence in schools. We request that the Govt. may kindly bring forward such appropriate legislation /issue such necessary executive orders as will facilitate the inter-management transfer.

*10. Counting of the period spent by the teachers in-service to improve their academic qualifications. for the purpose of non-cadre promotion, etc.*

It is pointed out that the University of Kerala has recommended to the Govt. the counting of the period spent by the teachers in-service to improve their academic qualifications as directed by the University for the purpose of non-cadre promotion. We request that the Govt. may please issue orders to facilitate the counting of the above period spent by the teachers for

taking Diploma in English/for undergoing in-service course, for the purpose of non-cadre promotion, etc It is also requested that the Govt. may please issue orders for counting the period spent by teachers for acquiring research qualification for non-cadre promotion.

*11 Option to retire at the age of 60*

It is requested that all those teachers who entered "Service" prior to 1-4-1958 may kindly be allowed to opt/re-opt to retire at the age of 60, if they so desire, irrespective of whether their continuous service commenced prior to 1-4-58 or after 1-4-58.

12. It is also requested that pensionary benefits under the State Govt's slab system may be made available to the 60 opted teachers also.

(Sd)
Prof. M. R. CHANDRASEKHARAN,
President, A. K. P. C. T. A.

(Sd)
Prof. R. RAVINDRAN NAIR,
Sccretary, A. K. P. C. T. A.
Trivandrum, 14-6-1982.


---

(4—ാം പേജിന്റെ തുടർച്ച)

ന്റടുത്ത ഈ പ്രൊഫസ്സർമാരിൽ പലരും ചിതാഗ്നിയുടെ നിറത്തെപ്പററിയായിരിക്കാം ചിന്തിക്കുന്നത്.

പക്ഷെ, പ്രൈവററ് കോളേജധ്യാപകർ അതിന്റെ പേരിൽ തീരാദുരിതങ്ങൾ അനുഭവിച്ചുകൊണ്ട് തുടരണമെന്ന് ശഠിക്കാനാർക്കും അവകാശമില്ല. ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്സുകൾ ഇന്നത്തെപ്പോലെ അനങ്ങാപ്പാറകളായിക്കൂട. ഡയറക്ടർ പദവിയിലായാലും കീഴ്നില കളിലായാലും, കസേരമുടക്കികമാത്രം ചെയ്യുന്ന ആലസ്യക്കാരെ ഗവൺമെന്റ് വച്ചുകൊണ്ടിരിക്കരുത്. ഗവൺമെന്റ് കോളേജുസർവ്വീസിൽ അതിനാളില്ലെങ്കിൽ പ്രൈവററ്

(ശേഷം 21—ാം പേജിൽ)



## വി. ലോകനാഥ് അന്തരിച്ചു.

നിലമേൽ എൻ എസ്. എസ് കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ അദ്ധ്യാപകനായിരുന്ന വി. ലോകനാഥ് ഏപ്രിൽ 15-ന് കൊല്ലത്ത് രാമൻകുളങ്ങരയിലുള്ള സ്വവസതിയിൽ വച്ച് ഹൃദയസ്തംഭനം മൂലം നിര്യാതനായി. പ്രഗത്ഭനായ അദ്ധ്യാപകനും എ. കെ. പി. സി ടി. എ യുടെ സജീവ പ്രവർത്തകനുമായിരുന്ന ശ്രീ. ലോകനാഥ് എൻ. എസ്സ്. എസ്സിന്റെ നെന്മാറ, ഒററപ്പാലം നിലമേൽ എന്നീ കോളേജുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തങ്ങളുടെ പ്രിയങ്കരനായ സുഹൃത്തിന്റെ പെട്ടെന്നുള്ള ദേഹവിയോഗം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ ദുഃഖത്തിലാഴ്ത്തി. ശവസംസ്കാര ചടങ്ങിൽ വിദ്യാർത്ഥികളും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും ഒന്നടങ്കം പങ്കെടുക്കുകയുണ്ടായി. പരേതന് ഭാര്യയും രണ്ടു പുത്രിമാരുമുണ്ട്. പരേതന്റെ ആത്മാവിന് എ. കെ. പി. സി. ടി. എ. യുടെ ആദരാഞ്ജലികൾ.

# വിദ്യാഭ്യാസ മന്ത്രിയുമായി നടന്ന ചർച്ച

പ്രൊഫ.
എം. ആർ. ചന്ദ്രശേഖരൻ

സുഹൃത്തുക്കളേ,

1982 ജൂൺ 14-ാംനു- കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. ടി. എം. ജേക്കബ്ബ് തിരുവനന്തപുരത്ത് വിളിച്ചുകൂട്ടിയ പ്രൈവററ് കോളേജ് അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിൻെറ വിവരങ്ങളാണ് താഴെ ചേർക്കുന്നത്. എ. കെ. പി. സി. ടി. എ. ഉൾപ്പെടെ കേരളത്തിൽ സ്വകാര്യ കോളേജദ്ധ്യാപകർക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയെല്ലാം പ്രതിനിധികൾ യോഗത്തിൽ സന്നിഹിതരായിരുന്നു. വിദ്യാഭ്യാസ മന്ത്രിയെ സഹായിക്കാനായി ഗവർമ്മേണ്ട് സെക്രട്ടറി (ഹയർ എജൂക്കേഷൻ). കൊളീജിയററ് വിദ്യാഭ്യാസ ഡയരക്ടർ തുടങ്ങിയവരും ഹാജരായിരുന്നു.

## ആശയവിനിമയം

അർത്ഥവത്തായ ആശയവിനിമയത്തിൻെറ ഒരവസരമായിരുന്നു കോൺഫറൻസ് എന്ന് പറയാം. ഏതാണ്ട് എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെട്ടു. പറയുന്ന കാര്യങ്ങൾ കേൾക്കാൻ അധികാരികൾ സന്നദ്ധരായിരുന്നു. ചർച്ച നടത്തുക മാത്രമല്ല ചെയ്യുന്നത്. പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നുമുണ്ട് എന്ന് ആമുഖമായി മന്ത്രി പറഞ്ഞു. മന്ത്രി പ്രസ്താവിച്ച മററു കാര്യങ്ങളിൽ, 1981ലെ പൊതുപണിമുടക്കത്തെത്തുടർന്ന് ഗവർമ്മേണ്ട് സമരസമിതിക്ക് നൽകിയ ഉറപ്പുകൾ പൂർണ്ണമായും മാനിക്കും; കേരളത്തിൽ ഗവർമ്മേണ്ടിന്ന് ചെയ്യാവുന്നകാര്യങ്ങളിൽ വിളംബം വരുത്താതെ തന്നെ യു. ജി. സി. സ്കെയിൽ സംബന്ധിച്ച പരിശ്രമം ദൽഹി തലത്തിൽ തുടരും എന്നിവ ഉൾപ്പെടുന്നുണ്ട്.

ഗവർമ്മേണ്ട് എത്രയും വേഗം തീരുമാനമെടുത്ത് നടപടികൾ ആരംഭിക്കേണ്ടതായി അദ്ധ്യാപക പ്രതിനിധികൾ എടുത്തു കാണിച്ച പ്രധാനപ്പെട്ടകാര്യങ്ങൾ സംഘടന ചർച്ചയ്ക്കായി സമർപ്പിച്ച കുറിപ്പിൽ കൊടുത്തിട്ടുണ്ട്.

പുതുതായി രണ്ട് കൊളീജിയററ് ഡെപ്യൂട്ടി ഡയരക്ടർ ആപ്പീസ്സുകൾ തുറക്കുക. ഡെപ്യൂട്ടി ഡയരക്ടർ ആപ്പീസ്സുകളെ ഒഴിവാക്കി, പ്രിൻസിപ്പാൾമാർക്ക് തന്നെ ബില്ലുകൾ ട്രഷറിയിൽ കൊടുത്ത് പണം വാങ്ങാൻ അധികാരം നൽകുക; അദ്ധ്യാപകരെ സ്വന്തം ബില്ലെഴുതി ശമ്പളം വാങ്ങാൻ അനുവദിക്കുക തുടങ്ങിയ അഭിപ്രായങ്ങൾ ഉൾപ്പെടെ ഇനിയും പല കാര്യങ്ങളും മൂന്നര മുതൽ ഏഴുവരെ 4 മണിക്കൂർ നീണ്ട ചർച്ചക്ക് വിഷയീഭവിച്ചു. പലതിനെപ്പററിയും മന്ത്രി അനുകൂലാഭിപ്രായം പ്രകടിപ്പിച്ചു. എന്നാൽ ഇവയൊക്കെയും ഗവർമ്മേണ്ട് അനുവദിച്ച് ഉടൻ കൽപന വരുമെന്ന് കരുതിക്കൂട. എങ്കിലും ഇവ സംബന്ധിച്ച് എത്രയും സത്വരമായി തീരുമാനവും നടപടികളും ഉണ്ടാകണമെന്ന് നാം അഭ്യർത്ഥിച്ചിട്ടുണ്ട്. കോൺഫറൻസിൻെറ രചനാത്മകമായ വശം, സൗഹൃദാന്തരീക്ഷത്തിൽ

(ശേഷം 15-ാം പേജിൽ)

തുരുത്തിക്കാട് B. A. M. കോളേജിലെ ശ്രീ. കെ. പി. മാത്യു പ്രശ്നത്തിൽ ഉണ്ടായ കോടതിവിധിയാണ് താഴെകൊടുക്കുന്നത്. താൽക്കാലിക തസ്തികകളിൽ നിയമിതരാകുന്ന അദ്ധ്യാപകരുടെ താൽപര്യത്തിന് എതിരായ വിധിയാണ് ഉണ്ടായിരിക്കുന്നത്

# In the High Court of Kerala at Ernakulam

*Present:*

The Honourable Mr. Justice M. P. Menon

Wednesday, the 17 th February 1982/28 Magha, 1903.

O. P. No: 906 of 1980 A

*Petitionery:-*

Shri. Thomas Abraham, Junior Lecturer in Physics, Bishop Abraham Memorial College, Thuruthicad.

By Advs.
M/s. Mathews P. Mathew, Philip Mathai & K. P. Vijayan

*Respondents :-*

1. The University or Kerala, represented by the Registrar

2. Shri. K.P, Mathew, Junior Lecturer in Physics, B.A.M. College,Thuruthicad.

3, The Manager, B A.M. College, Thuruthicad.

Respondent 1 by Adv.
Shri V. Bhaskaran Nambiar.

Respondent 2 by Adv.
M/s. C. Kuruvilla & George Cherian.

Respondent 3 by Advt.
M/s, C.J. Simon & Cyriac Joseph

This original petition having been finally heard on 15-2-1982. The Court on 17-2-1982 delivered the following.

*Judgement*

The petitioner was appointed as a Junior Lecturer in Physics, by the Management of the B. A. M. College, Thiruvalla. The post had been duly sanctioned by the Kerala University, and the petitioner was selected by a committee consisting of representatives of the University, the Government and the Management The appointment was however not approved by the University. The petitioner filed O. P. No: 3355/80 and by judgement dated 20-10-80, this Court directed the University to decide the question Ext P2 order

has subsequently been passed, declining approval for two reasons:-

1. One K. P. Mathew has been working as Lecturer in a leave Vacancy, and the management had not "shifted" him to the substantive vacancy;

and

2. the petitioner's community certificate has not been produced.

This writ petition is to quash Ext. P2 and for mandamus for approving the petitioner's appointment.

2. Sri. K. P. Mathew mentioned above is the 2nd respondent. The term "shift", as explained before me, means that whenever a substanfive vacancy arise, a person working in a leave vacancy has first to be absorbed into that vacancy, and fresh appointment can only be in the vacancy created by such "Shifting". In the case on hand, the stand of the University is that the vacancy for which the petitioner was chosed had first to be allotted to the 2nd respondent so that the petitioner's appointment could only be as a substitute for the 2nd respondent in the leave Vacancy.

3 The above method has its merits and demerits. Appointment in leave vacancies can only be from among qualified hands; and in that view, the process of "shifting" gives an experienced and qualified hand (working in a leave vacancy) an opportunity to be absorbed into the first available substantive vacancy. This is in the interests of teachers, and probably, in the interests of the management also. But this procedure eliminates competion to some extent in that candidates with better qualifications are shut out. A University teacher working elsewhere and with better qualification may not care to complete for a leave vacancy and then wait for the next substantive to arise.

4. The question however is whether the University was within its powers in refusing approval on the ground mentioned. In Mother Provincial v. State of Kerala (1969 KLT 749), Full Bench of this Court had indicated that the candidate selected was not qualified. Assuming for a moment that the same could be done generally for noncompliance with the provisions of the University Act or the Statutes and Ordinances made thereunder, the position seems to be that there are no statutory rule, order or other prescription obliging a management to make the kind of "shifting" referred to. Ext. P 3 indicates that fhe available provisions only protect throughout teachers ie., a thrown out teacher is to be preferred for appointment into the next vacat ncy. Paragraphs (6) and (7) of the University's counter-affidavit do not go further. The statutes prescribe that a thrownout teacher is entitled to the first vacancy, and nomore. There are no provisions requiring the shifting of a teacher in service, to another vacancy.

5. It is contended that all private college have been following the prinicipie of shifting without demur and that the 3rd respondent management itself had been doing so on earlier occasions. when it suited them. The 2nd responder has referred to a number of instances where such shifting had been doing in the same

(ശേഷം. 23-ാം പേജിൽ)

# AIFUCTO memorandum

**1982 ഏപ്രിൽ 20-ന് 'ഐഫക്ടോ' യുടെ നേതൃത്വത്തിൽ ഡൽഹിയിൽ വമ്പിച്ച അദ്ധ്യാപക പ്രകടനം നടക്കുകയുണ്ടായി. അന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രിയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ഡമാണ് താഴെ കൊടുക്കുന്നത്**

On behalf of more than 1,80,000 university and college teachers of India who are our members and specially on behalf of thousands of those teachers who have assembled in Delhi today at our call we present this memorandum to you for your favourable consideration

## Abolition of Private Management

Our Federation is of considered opinion that complete abolition of private management from the field of higher education, particularly collegiate education is an urgent necessity. Many of the ills confronting teachers in particular and education in general like lack of security of service of the staff, non-payment under payment or irregular payment of emoluments, charging of capitation fee and inadequate educational facilities are integrally linked with private management. Besides, no effective planning in the field of higher education can ever be possible without establishing monopoly of public sectors in the field of higher education, the social importance of which can hardly be overemphasized. Our Federation, therefore, urges upon you to take bold initiative in this matter.

In this context we would like to point out that in consideration of proved maladministration and in response to the demand of west Bengal College and University Teachers Association, the Assembly of West Bengal unanimously passed bills for permanent take over of management of five private colleges. It is a matter of great regret and concern for us to note that the President of India has declined to give consent to these bills. While our principled demand is that of complete abolition of private management, we think that when state governments take such small steps in the right direction, the government of India should lend its helping hand. We urge upon you to take steps to see that the president gives his consent to the bills referred to above.

## Problems of Librarians, DPEs, Demonstrators and Tutors

We heartily congratulate you for taking a bold initiative in restoring parity in the salary scales between those of Librarians and DPEs on one hand and other teachers on the other with effect from 1-4-82. However, there are till some problems left. Firstly, these decisions and recommendations are yet to be implemented. Secondly, the date of implementation being 1-4-82. Librarians and DPEs will suffer from lack of parity during the intervening nine years. We urge upon you to give this order retrospective effect thus completely doing away with the injustice that was done to these categories of teachers.

Problems of Demonstrators and Tutors are also nowhere near solution. Ex-cadre promotion of qualified Demonstrators and Tutors to lecturership and provision of enhancement of qualifications with leave with full pay are the only steps which can alleviate their problems.

## Revision of Salary Scales

Our Federation has been consistently demanding abolition of various categories of teachers and a uniform running grade of Rs. 700/-2500 for all university and college teachers. However, during the period since 1-1-73, considerable rise in prices, revision of salary scales by various state governments and extension of non-salary benefits to central government officers have rendered salary scales of university and college teachers unsuitable and unattractive to fresh university graduates. Our problems become worse because firstly teachers of state universities and colleges affiliated to them who are as per the UGC recommendations entitled to all allowances and perquisites as made available to state government officers do not get these benefits automatically or in full and secondly the allowances and other perquisites given by state governments are worse than those provided by the central government. Consequently, the rationale of a uniform national scale of pay for college and university teachers is being defeated. Already in several states like Bihar and Tamilnadu the state governments have agreed to grant one promotion to every teacher on cmopletion of satisfactory service for a certain number of years. Thus a college teacher's salary scale has virtually become Rs. 700/- to Rs. 1900/.

In the light of the above among other considerations, we urge upon you to take expeditious steps for revision of salary scales of college and university teachers.

It is a matter of great regret that the state government of Kerala has all along refused to implement the UGC scales of pay in spite of vigorous representation and movement by the teachers in Kerala. we strongly advocate that the government of India take vigorous steps so that this injustice done to our colleagues in Kerala is removed.

## Statutory Security of Service

Majority of college and university teachers do not enjoy a secure tenure of service, the necessity of which needs no elaboration. The position is critical in minority-run institutions. We were told by Mr. S. B. Chavan, your predecessor in

this Ministry that the report of a legal expert committee on this problem had been submitted to your ministry for appropriate action. While our Federation favours complete abolition of private management (for reasons explained earlier) which could substantially reduce acuteness of this problem, until that is achieved we would urge upon you to initiate such measures as would ensure every teacher a guaranteed and legally secure tenure of service.

## Representation of AIFUCTO on the UGC and CABE

Our Federation has been demanding formal recognition and corresponding organisational facilities from the government of India. We hope that the matter will receive your favourable consideration. However, provision of our representation on the UGC and CABE are urgent and cannot await any further delay because this involves the fundamental right of being heard and the principles of natural justice. This is also in conformity with the UNESCO-ILO Charters on Status of Teachers. After all what the UGC and the CABE decide directly concerns tne university and college teachers all over the country. It is therefore absolutely essential that AIFUCTO, the only united national organisation of college and university teachers should be represented on these bodies. To guarantee this whatever changes in Acts or Rules that may be needed have to be effected.

## Democratisation of Goveranance

Our Federation has been demanding since long democratisation of governance of colleges and universities ensuring adequate representation of teachers, students and employees as also of the society at large. We are of the considered opinion that elected component in all authorities should have preponderance over the nominated and ex-officio categories. Our Federation has prepared detailed notes on this aspect and that has already been sent to you for consideration.

## Direct Payment of Salary

In many states in private colleges non-payment, part-payment and delayed payment of salaries are usal. Until private management can be abolished altogether, we believe that arrangements of direct payment of salary from the treasury should be done, as has already been in some states.

## Abolition of Discrimination between State and Central Universities

Teachers serving in state universities and colleges affiliated to them. although enjoying parity of scales of pay, are discriminated against with respect to allowances and other perquisites. We submit that this discrimination should be immediately done away with.

## Common Cadre for +2 and +3 Stage Teachers

Introduction of 10+2+3 structure of education has created numerous problems including decline in enrolement of students in degree classes, retrenchment and demotion of college teachers and diarchy in administration with the universities and higher secondary Boards simultaneously supervising academic performance of colleges. But the most glaring injustices

is being done to a college teacher when he is offered a lower scale of pay putting him as a +2 class teacher while he possesses is the same qualifications and also teachers at the degree level. Already in some states +2 teachers have been given parity scale with degree teachers. We demand that this should be uniformally practised in all states.

**Age of Superannuation not below 60 years.**

Regarding the age of superannuation we are in fact demanding uniform implementation of the UGC recommendations in all states. It is a matter of great regret that in a number of states the age of superannuation has been fixed much lower than 60 years. While fixing the age of superannuation at the age of 60 years has caused hardships to teachers because in many states this had been fixed at 62 and even 65 years, fixing it further belo ≤ is really intolerable.

Itis relevant to point out in this context that in many states college and university teachers do not enjoy satisfactory retirement benefits and accordingly this has remained a central demand of state and university level teachers' movement. we believe that the government of India can do a lot in ameliorating these grievances.

We further hope that we shall be given a point-to-point reply to this memorandum.

With kind regards,

Sincerely yours,

Sd/–

(MRINMOY BHATTACHARYYA)

General Secretary.

# വിദ്യാഭ്യാസമന്ത്രിയുമായി....

(9-ാം പേജിന്റെ തുടർച്ച)

ബഹു: വിദ്യാഭ്യാസമന്ത്രിയും, ഉന്നത വിദ്യാഭ്യാസാധികൃതരും പ്രൈവററ് കോളേജദ്ധ്യാപകരുടെ പ്രശ്നങ്ങൾ കേട്ടു മനസ്സിലാക്കി എന്നുള്ളതാണ്. അതിൽപരം തീരുമാനങ്ങൾ താൻ എടുത്തുകൊണ്ടിരിക്കയാണെന്നും, എത്രയും വേഗം ഓരോ കാര്യത്തിലും തീരുമാനമെടുക്കണമെന്നാണ് തനിക്ക് താൽപര്യമെന്നും, പ്രശ്നങ്ങൾ ഉണ്ടാകുന്ന പാടേ അവയ്ക്ക് പരിഹാരമുണ്ടാക്കുകയാണ് തന്റെ നയമെന്നും മന്ത്രി പ്രസ്താവിച്ചതിൽ തെളിയുന്ന സമീപനം നമ്മെ സംബന്ധിച്ചിടത്തോളം എത്രയും ആശാവഹമായിട്ടുള്ളതാണെന്ന് ഞാൻ വിചാരിക്കുന്നു.

## തീവ്രമായ വികാരം

കോൺഫറൻസിൽ അദ്ധ്യാപക പ്രതിനിധികളുടെ തീവ്രമായ വികാരം പ്രകടിതമായത് രണ്ട് സംഗതികളെ സംബന്ധിച്ചാണ്. ഒന്ന്, കോർപ്പറേററ് മാനേജുമെന്റുകളുടെ ട്രാൻസ്ഫർ നയം. രണ്ട്, കൊളീജിയററ് ഡെപ്യൂട്ടി ഡയരക്ടർ ആപ്പീസ്സുകളിലെ കുററകരമായ കൃത്യവിലോപം. ട്രാൻസ്ഫർ കാര്യത്തിൽ എൻ എസ്സ്. എസ്സ്. മാനേജുമെന്റാണ് ഏററവും നിശിതമായ വിമർശനത്തിന്ന് ശരവ്യമായത്; ഡെപ്യൂട്ടി ഡയരക്ടർ ആഫീസുകളിൽ, കൊല്ലത്തെ ആഫീസും.


(ശേഷം 23-ാം പേജിൽ)

# എ. കെ. പി. സി. ടി. എ.
# ഭാരവാഹികൾ—1982- '83




പ്രൊഫ. എൻ. എം. ജോസഫ്


പ്രസിഡണ്ട് :
പ്രൊഫ: എം. ആർ. ചന്ദ്രശേഖരൻ
(പയ്യന്നൂർ കോളേജ്)
ജനറൽ സെക്രട്ടറി :
പ്രൊഫ: എൻ എം ജോസഫ്
(സെൻറ് തോമസ് കോളേജ്, പാല)
ട്രഷറർ:
പ്രൊഫ: എം. കെ. ചിണ്ടൻകുട്ടി
(സർ സെയ്ത് കോളേജ്, തളിപ്പറമ്പ്)
വൈസ് പ്രസിഡണ്ടുമാർ;
പ്രൊഫ: ജോസഫ് ടി. പുത്തൻപുര
(നിർമ്മല കോളേജ്; മൂവാററുപുഴ)
ശ്രീ. തോളൂർ ശശിധരൻ
(എസ്. എൻ. കോളേജ് നാട്ടിക)
സെക്രട്ടറിമാർ:
പ്രൊഫ: ആർ രവീന്ദ്രൻ നായർ
(എൻ. എസ്. എസ്. കോളേജ്, മട്ടന്നൂർ)
പ്രൊഫ; ടി. വി. ജെയിംസ്
(ക്രൈസ്ററ് കോളേജ്, ഇരിഞ്ഞാലക്കുട)
ജില്ലാ സെക്രട്ടറിമാർ :
തിരുവനന്തപുരം:
പ്രൊഫ: എൽ. ജി. വർഗ്ഗീസ്
(എസ്. എൻ. കോളേജ്, ചെമ്പഴന്തി)
കൊല്ലം : പ്രൊഫ: ജെ ജോൺസൺ
(സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി)
ആലപ്പുഴ :
പ്രൊഫ: കെ. സദാശിവൻ നായർ
(എൻ. എസ് എസ്- കോളേജ്, ചേർത്തല)
കോട്ടയം, ഇടുക്കി:
പ്രൊഫ: ടി സി. ഇമ്മാനുവൽ
(സെൻറ് ജോർജ്ജ് കോളേജ്, അരുവിത്തുറ)
എറണാകുളം :
പ്രൊഫ: കെ കെ രാമകൃഷ്ണൻ
(എസ്. എൻ എം. കോളേജ്, മല്യങ്കര)
തൃശ്ശൂർ :
പ്രൊഫ: പി പി. ജോർജ്ജ്
(സെൻറ് തോമസ് കോളേജ്, തൃശ്ശൂർ)
പാലക്കാട് : പ്രൊഫ: ടി. കെ. ജി. നായർ
(എൻ എസ്. എസ്. കോളേജ്, നെൻമാറ)
കോഴിക്കോട് :
പ്രൊഫ: പി. വി ചന്ദ്രമോഹനൻ
(മലബാർ കൃസ്ത്യൻ കോളേജ്)
മലപ്പുറം : ശ്രീ. എം സി. അലി
(എം. ഇ. എസ്. കോളേജ്, മമ്പാട)
കണ്ണൂർ ! പ്രൊഫ; ടി. ദാമോദരൻ
(പയ്യന്നൂർ കോളേജ്)




പ്രൊ. ആർ. രവീന്ദ്രൻനായർ



പി. വി. ചന്ദ്ര മോഹനൻ









സദാശിവൻനായർ

കെ. കെ. രാമകൃഷ്ണൻ








ഇടത്ത് മുകളിൽനിന്ന്

1. ടി, ദാമോദരൻ
2. ടി.കെ.ജി. നായർ
3 ടി.വി. ജയിംസ്
4. ടി. സി. ഇമ്മാനുവൽ

പി. പി. ജോർജ്







# AKPCTA

# ഭാരവാഹികൾ

ജെ. ജോൺസൺ

ചോദ്യോത്തരങ്ങൾ

# കോഴിക്കോട് യൂണിവേഴ്സിറ്റി

# സെനറ്റ് യോഗം മാർച്ച് 26,27

## അപ്രൂവൽ നടപടിക്രമങ്ങൾ ലഘൂകരിച്ചു

സ്ഥലംമാറ്റപ്പെടുന്ന അദ്ധ്യാപകർക്ക് യൂണിവേർസിറ്റിയിൽ നിന്നും അപ്രൂവൽ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്ന തരത്തിൽ ലഘൂകരിച്ചിട്ടുണ്ടെന്ന് പ്രൊഫ: കെ. സുകുമാരൻ നായരുടെ ചോദ്യത്തിന് മറുപടിയായി യൂണിവേർസിറ്റി അറിയിച്ചു.

(1) ഈ യൂണിവേർസിറ്റിയുടെ പരിധിയിൽപ്പെടുന്ന കോർപ്പറേറ്റ് മാനേജ്മെൻറ് കോളേജുകളിലെ സ്ഥലംമാറ്റങ്ങൾക്ക് അപ്രൂവൽ ആവശ്യമില്ലെന്ന് സിൻഡിക്കേറ്റ് സബ്കമ്മററി തീരുമാനിച്ചു.

(2) 1.9.72 ന് മുമ്പ് കോർപ്പറേറ്റ് കോളേജുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകരുടെ സർവകലാശാല അപ്രൂവൽ ഉത്തരവുകൾ പരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(3) കേരള സർവകലാശാലയിലെ പരിധിയിൽ നിന്നു സ്ഥലംമാറ്റമായിവന്ന് അങ്ങോട്ടുതന്നെ തിരിച്ചുപോകുന്ന അദ്ധ്യാപകരുടെ കാര്യത്തിൽ കേരള സർവകലാശാലയുടെ അപ്രൂവൽ കാത്തിരിക്കാതെ തന്നെ അവരുടെ പകരം വരുന്നവരെ അപ്രൂവ് ചെയ്യാൻ തീരുമാനിച്ചു.

Prof: R. Ramachandran Nair replied further that the Syndicate is not in favour of such large scale and indiscreet transfers by the managements. The University is seriously considering the possibilities of evolving effective measurers to be taken in the matter. Replying to the Supplementaries by Sri. C. Krishnan Nair, Prof: R. Ramachandran Nair said that the University has its own limitations in enforcing rules as is evident from the stay order of the High Court obtained by the Management.

Prof: Raghavan Nambiar, Sri. George Menachery, Prof: C. K. Narayanan and Sri. Sukumara Panikar spoke on the subject.

## പ്രമേയം

ഇൻറർ യൂണിവേർസിറ്റി സ്ഥലംമാറ്റങ്ങൾ നടത്തുന്നതിന് മുമ്പ് യൂണിവേർസിറ്റികളുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്ന് സെനററിൻെറ ഈ യോഗം സിൻഡിക്കേററിനോടഭ്യർത്ഥിക്കുന്നു.

(ഡോ. പി. സുകുമാരപ്പണിക്കർ)

Sri. Sukumara Panikar requested the University not to permit inter University transfers without the prior permission of the University. Sri. George Menacherry seconded the resolution.

Sri. Thayat Sankaran wanted the University to black list the managements who do not carryout direction of the University and a report sent to the Government for necessary action.

Dr. N. S. Venugopala Pillai said in replay that the University will assert its authority in implementing the statutery provisions The new guide lines issued to ihe managements will be implemented and the question of black listing will also be considered. He informed that the Syndicate accepted the sprit of the resolution. The resolution was not pressed.

# എ. കെ. പി. സി. ടി. എ.

## പ്രവർത്തകസമിതി തീരുമാനങ്ങൾ

പ്രൊഫ: എൻ. എം. ജോസഫ്
ജനറൽ സെക്രട്ടറി

പ്രവർത്തകസമിതിയുടെ ഒന്നാമത് യോഗം 7-4-'82ലും, രണ്ടാമത് യോഗം 23-5-'82ലും എറണാകുളം ഹോട്ടൽ എമ്പസ്സിയിൽവച്ച് സംഘടനയുടെ പ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻെറ അദ്ധ്യക്ഷതയിൽ ചേർന്നു.

7.4.'82ൽ ചേർന്ന യോഗം പ്രവർത്തകസമിതിയിലെ പ്രത്യേക ക്ഷണിതാക്കളായി പ്രൊഫ. ആർ. ആർ. സി. നായർ, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ: ഐ. ജി. ബി. പണിക്കർ, പ്രൊഫ: എം. കരുണാകരൻ, പ്രൊഫ. എൻ. സമം എന്നിവരെ നിശ്ചയിച്ചു.

സംഘടനയുടെ ലയിസൺ ഓഫീസറൻമാരായി തിരുവനന്തപുരത്ത് സെക്രട്ടറി പ്രൊഫ. ആർ. രവീന്ദ്രൻ നായരേയും, കൊല്ലത്ത് ജില്ലാ സെക്രട്ടറി പ്രൊഫ: ജെ. ജോൺസണേയും തൃപ്പൂണിത്തുറയിൽ എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ കെ. കെ. രാമകൃഷ്ണനേയും കോഴിക്കോട് ഡപ്യൂട്ടി ഡയറക്ടറാഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കോഴിക്കോട് ജില്ലാ സെക്രട്ടറി പ്രൊഫ: പി. വി. ചന്ദ്രമോഹനനേയും, കോഴിക്കോട് സർവകലാശാലയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രൊഫ. ഐ. ജി. ബി. പണിക്കരേയും നിയമിക്കുന്നതിന് തീരുമാനിച്ചു. ബ്രാഞ്ചു സെക്രട്ടറിമാരും അംഗങ്ങളും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യക്തിപരമായ നിലയിൽ ശ്രമിക്കാതെ അതാതിടങ്ങളിലെ ലെയിസണാഫീസറൻമാരുമായി ബന്ധപ്പെട്ട് പരിഹരിക്കണമെന്ന് താൽപര്യപ്പെടുന്നു.

താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ജേർണലിൻെറ പത്രാധിപസമിതി പുനഃസംഘടിപ്പിച്ചു. സംഘടനാ പ്രസിഡൻറ് പ്രൊഫ: എം. ആർ. ചന്ദ്രശേഖരൻെറ അദ്ധ്യക്ഷതയിലുള്ള പത്രാധിപ സമിതിയിലെ മററംഗങ്ങൾ താഴെപ്പറയുന്നവരായിരിക്കും: ശ്രീ. വി. എൻ. മുരളി (ചീഫ് എഡിററർ), പ്രൊഫ: എൻ. എം. ജോസഫ്, പ്രൊഫ: എം. കെ. ചിണ്ടൻകുട്ടി, ശ്രീ കെ. കെ. രാമകൃഷ്ണൻ, ശ്രീ തോളൂർ ശശിധരൻ, പ്രൊഫ: ടി. ഗോപാലകൃഷ്ണൻ, പ്രൊഫ: വി. നാരായണൻകുട്ടി.

ക്ഷേമനിധി ബോർഡ് എക്സ്-ഒഫീഷ്യോ അംഗങ്ങളായ പ്രസിഡൻറ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരെ കൂടാതെ വൈസ് പ്രസിഡൻറുമാരായ ശ്രീ ജോസഫ് പുത്തൻപുര, ശ്രീ തോളൂർ ശശിധരൻ, സെക്രട്ടറിമാരായ ശ്രീ. ആർ. രവീന്ദ്രൻനായർ, ശ്രീ. ടി. വി. ജയിംസ്, പ്രൊഫ: ടി. ഗോപാലകൃഷ്ണൻ, പ്രൊഫ: ആർ. ആർ. സി. നായർ എന്നിവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു.

സംയുക്ത സമരസമിതിയിലേക്ക് പ്രസിഡൻറിനേയും ജനറൽ സെക്രട്ടറിയേയും നിർദ്ദേശിച്ചു. മററംഗങ്ങളെ പിന്നീട് തീരുമാനിക്കും.

ഏപ്രിൽ 19, 20 തീയതികളിൽ ഡൽഹിയിൽ നടക്കുന്ന AIFUCTO-യുടെ പരിപാടികളിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ അയയ്ക്കുന്നതിനും യോഗം തീരുമാനിച്ചു.

1980 സെപ്റ്റംബർ മുതലുള്ള പരീക്ഷാ ജോലികളുടെ പ്രതിഫലം കൊടുത്തുതീർക്കാതിരിക്കുന്നതിൽ പ്രതിഷേധിക്കുകയും, ഉടൻ കൊടുത്തു തീർക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്ന പ്രമേയം പ്രവർത്തകസമിതി അംഗീകരിച്ചു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നമ്മെ ഒരു ചർച്ചയ്ക്ക് വിളിക്കാമെന്ന് സമ്മതിച്ചിട്ട് വളരെക്കാലങ്ങളായെങ്കിലും ഇതുവരെ ചർച്ച നടത്താത്തതിൽ പ്രതിഷേധിക്കുകയും ഉടനെ വിളിച്ച് പ്രശ്നങ്ങൾ പരിഹരിക്കുവാൻ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

കേരള സർവ്വകലാശാല കാര്യക്ഷമമായ നടത്തിപ്പിന് വിഘാതമായ രീതിയിൽ വളർന്നിരിക്കുന്നതുകൊണ്ട് കാര്യക്ഷമമായി ഭരിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് അധികൃതരോടു് ആവശ്യപ്പെടുന്ന മറ്റൊരു പ്രമേയവും യോഗം അംഗീകരിച്ചു.

23–5- 82 ൽ ചേർന്ന പ്രവർത്തകസമിതി യോഗം 1981 ഫെബ്രുവരിയിലെ സമരഫലമായുണ്ടായ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പാക്കിക്കിട്ടുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് വിശദമായി ചർച്ചചെയ്തു: മന്ത്രിസഭയുണ്ടായാലുടനെ വേണ്ടപ്പെട്ടവരുമായി ചർച്ച നടത്തുന്നതിനും മേൽനടപടികൾ സത്വരമായി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

കേന്ദ്രീകൃത ഉത്തരക്കടലാസ് പരിശോധനയ്ക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്കും ഏൺഡ്‌ലീവ് അനുവദിക്കണമെന്നും, പരീക്ഷാ ജോലികൾക്ക് പ്രതിഫലം വർദ്ധിപ്പിക്കണമെന്നും സർവ്വകലാശാലാസമിതി അംഗങ്ങൾക്ക് നൽകുന്ന നിരക്കിൽ ടി. എ യു, ഡി. എ. യും നൽകണമെന്നും ആവശ്യപ്പെടുന്ന പ്രമേയം പ്രവർത്തകസമിതി അംഗീകരിച്ചു.

കാലടി, നങ്ങ്യാർകുളങ്ങര കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപകദ്രോഹനടപടികളിൽ പ്രതിഷേധിക്കുകയും ഇത്തരം കുത്സിത നടപടികൾ അവസാനിപ്പിച്ചില്ലെങ്കിൽ അതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുവാൻ സംഘടന നിർബന്ധിതമാകുമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

ഇക്കൊല്ലം പരമാവധി അംഗങ്ങളെ ചേർക്കുന്നതിന് സംഘടനയുടെ എല്ലാ അംഗങ്ങളും, പ്രത്യേകിച്ച് ബ്രാഞ്ച് സെക്രട്ടറിമാരും ശ്രദ്ധിക്കണമെന്ന് പ്രവർത്തകസമിതി ആശ്യപ്പെ അദ്ധ്യാപകരുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് സംഘടനയുടെ അംഗസംഖ്യ വർദ്ധിച്ചിട്ടില്ലെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. അതുപോലെതന്നെ ക്ഷേമനിധിയിലും കഴിഞ്ഞ വർഷങ്ങളിൽ വളരെ കുറച്ചാളുകൾ മാത്രമേ ചേർന്നിട്ടുള്ളു. കഴിഞ്ഞ വർഷം മൂന്നാളുകൾക്ക് ക്ഷേമനിധി വിതരണം ചെയ്യുവാൻ നമുക്ക് കഴിഞ്ഞെങ്കിലും ക്ഷേമനിധിയുടെ പ്രവർത്തനം വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിന് സംഘടനയുടെ എല്ലാ അംഗങ്ങളും ക്ഷേമനിധിയിലും അംഗമാവേണ്ടിയിരിക്കുന്നു. അംഗവരിസംഖ്യ കഴിയുമെങ്കിൽ ജൂൺമാസ ശമ്പളത്തിൽനിന്നുതന്നെ പിരിച്ച് ട്രഷററുടെ പേർക്കും, ക്ഷേമനിധിയുടെ തുകകൾ ജനറൽ സെക്രട്ടറിയുടെ പേർക്കും അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു.

# എൻ. എസ്. എസ്. മാനേജ്മെൻറ് അദ്ധ്യാപകരുടെ ജീവിതം തകർക്കുന്നു

20-6-82 ന് എറണാകുളത്ത് പ്രൊ. പി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ കൂടിയ N. S. S. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ എക്സിക്യൂട്ടീവ് യോഗം എൻ. എസ്. എസ് മാനേജ്മെൻറ് ഈ ജൂണിൽ കോളേജുകൾ തുറന്നശേഷം നടത്തിയ സ്ഥലം മാററങ്ങൾ അവലോകനം ചെയ്തു. മൊത്തം 120 സ്ഥലം മാററങ്ങളിൽ 60-ഉം അസൗകര്യമായിട്ടുള്ളതും കേരള-കാലിക്കററ് യൂണിവേഴ്സററികളുടെ ട്രാൻസ്ഫർ നോംസിൻേറയും എ. കെ. പി. സി. ടി. എ-ക്ക് മാനേജ്മെൻറ് നൽകിയിട്ടുള്ള ഉറപ്പിൻേറയും ലംഘനവുമാണ്. (ഇനിയും പല ലിസ്ററുകളും പണിപ്പുരയിൽ തീർത്തുകൊണ്ടിരിക്കുന്നതായി വാർത്ത.) എ. കെ. പി. സി. ടി എ. സംസ്ഥാന സെക്രട്ടറിയും കോ-ഓർഡിനേഷൻ കൗൺസിൽ പ്രസിഡൻറുമായ പ്രൊ. ആർ. രവീന്ദ്രൻ നായരെ ധനുവച്ചപുരത്തുനിന്നും മട്ടന്നൂരേയ്ക്കും. മുൻ ജന: സെക്രട്ടറി പ്രൊ. ജി മാധവൻ നായരെ മഞ്ചേരിയിൽനിന്നും മട്ടന്നൂരേയ്ക്കും ആലപ്പുഴ ജില്ലാസെക്രട്ടറി കെ. സദാശിവൻ നായരെ പന്തളത്തുനിന്നും ചേർത്തലയ്ക്കും ചേർത്തലയൂണിററ് സെക്രട്ടറി കെ. രാജഗോപാലപിള്ളയെ (തൃക്കൊടിത്താനം പഞ്ചായത്തുമെമ്പർ) മട്ടന്നൂർക്കും. നെടുംകുന്നം പഞ്ചായത്തു മെമ്പർ എ. എൻ. തുളസീദാസിനെ പെരുന്നയിൽ നിന്നും നെന്മാറയിലേയ്ക്കും. ഇവരെ ദീർഘകാലമായി അസൗകര്യമായ സ്ഥലങ്ങളിൽ ജോലി നോക്കിയിട്ടുള്ള പ്രൊഫ. കെ. എൻ ഭാസ്കരൻ നായർ, എൻ. മുരളീധരൻ പിള്ള; പ്രൊഫ. എം. സദാശിവൻപിള്ള; എസ്. കൃഷ്ണൻകുട്ടിനായർ; പി. ഗോപകുമാരക്കുറുപ്പ്, ടി. പി. ഉണ്ണികൃഷ്ണൻ; പ്രൊഫ. ടി. വി. കുഞ്ഞിരാമക്കുറുപ്പ്; പ്രൊഫ. കെ. ജി മുരാരി പ്രൊഫ. എൽ. കെ. ജയരാജക്കുറുപ്പ്, കെ. വിജയൻനായർ, ററി. ശാന്ത, ബി. രമാദേവി, വിജയലക്ഷ്മി തുടങ്ങിയവരെ വറചട്ടിയിൽ നിന്നും എരിതീയിലേക്കെന്നവണ്ണം വീണ്ടും അസൗകര്യമായ സ്ഥലങ്ങളിലേയ്ക്കും മാററിയിരിക്കുകയാണ്. ഒന്നും രണ്ടും തവണയായി നിരവധി വർഷം മലബാറിൽ പണിയെടുത്തു തിരിച്ചുവന്നവരെ തന്നെയാണ് വീണ്ടും അങ്ങോട്ടു ഓടിച്ചിരിക്കുന്നത്. എന്നാൽ തങ്ങൾക്കു വേണ്ടപ്പെട്ട ഒരദ്ധ്യാപികക്ക് സൗകര്യമായി സ്ഥലംമാററം നൽകുന്നതിനു വേണ്ടി

---

(8-ാം പേജിൻെറ തുടർച്ച)

കോളേജുകളിൽ ഉണ്ടെന്ന് ഞങ്ങൾക്കറിപ്പുണ്ട്. ഈ ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസ്സുകൾ ഉണ്ടാക്കിയതു തന്നെ പ്രൈവററ് കോളേജുകളിലെ ശമ്പളക്കാര്യങ്ങൾക്ക് യാണ്. പ്രൈവററ് കോളേജുകളിലുള്ളവരിൽ നിന്ന് ആഫീസുകളിലേക്ക് ഉദ്യോഗസ്ഥൻമാരെ തിരിഞ്ഞെടുത്താൽ മാനം ഇടിഞ്ഞു വീഴുകയും മററുമില്ല. ഗവൺമെൻറ് ഇതിൻെറ എല്ലാവശങ്ങളും പരിഗണിച്ച് പ്രൈവററ് കോളേജദ്ധ്യാപകരുടെ ദീർഘകാലമായുള്ള ആവലാതിക്ക് സത്വരപരിഹാരമുണ്ടാക്കിയേപററൂ.

മാനേജ്മെൻറ് കഴിഞ്ഞ കാൽ നൂററാണ്ടാ യി ഉയർത്തിപ്പിടിച്ച നിബന്ധന കളെല്ലാം (കരമന വനിതാകോളേജിൽ സ്ത്രീ കളെ മാത്രമേ നിയമിക്കാറുണ്ടായിരുന്നുള്ളൂ ഇതേവരെ. എന്നാൽ 'വേണ്ടപ്പെട്ട' അദ്ധ്യാപി കയ്ക്ക് പെരുന്ന കോളേജിലേക്ക് മാററം നൽകുന്നതിലേക്കായി പകരം കരമനയിലേ ക്ക് ഒരു പുരുഷനെ സ്ഥലംമാററി) തട്ടിയെ റിഞ്ഞെന്നുമാത്രമല്ല മററുപലരേയും ശല്യം ചെയ്യുകയും ചെയ്തു. മാത്രമല്ല, വർഷങ്ങ ളായി അസൗകര്യമായ സ്ഥലങ്ങളിൽ പണി യെടുക്കുന്ന നൂറുകണക്കിന് അദ്ധ്യാപകരുടെ അപേക്ഷ മാനേജ്മെൻറ് ഇക്കുറിയും ചെവി ക്കൊള്ളുകപോലും ചെയ്തിട്ടില്ല. മാനേജ് മെൻറിൻെറ ഈ നടപടിയിൽ യോഗം ശക്തി യായി പ്രതിഷേധം രേഖപ്പെടുത്തി. ഈ സ്ഥലം മാററങ്ങൾ ഉടനടി റദ്ദാക്കണമെന്നും എ. കെ. പി. സി. ടി. എ. -യു മായി ക്കൂടിയാലോചിച്ച് 'ട്രാൻസ്ഫർ നോംസ്' ഉണ്ടാക്കാൻ തയ്യാറാകണമെന്നും മാനേജ്മെൻറി നോട് അഭ്യർത്ഥിക്കുവാൻ യോഗം തീരുമാ നിച്ചു. സ്ഥലം മാററങ്ങളിലെ അനീതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മാനേജ്മെൻറിന് മെമ്മോറാണ്ടം നൽകാനും തീരുമാനിച്ചു. 'ട്രാൻസ്ഫർനോംസ്' കോർപ്പറേററ് മാനേ ജ്മെൻറുകളെകൊണ്ട് അംഗീകരിച്ചു നടപ്പി ലാക്കിക്കുന്നതിനുള്ള പ്രക്ഷോഭം സംഘടിപ്പി ക്കുന്നതിലേക്കായി എൻ.എസ്.എസ്; എസ് എൻ; ദേവസ്വം ബോർഡ് കോളേജുകളിലെ എ. കെ. പി. സി. ടി. എ. കൗൺസിൽ അം ഗങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഒരു ഏകോപന സമിതി രൂപീകരിക്കണമെന്ന് എ. കെ. പി. സി. ടി. എ—യോട് അപേക്ഷി ക്കാനും തീരുമാനമെടുത്തു. ഈ ഏകോപന സമിതി പ്രവർത്തകർ കോർപ്പറേററ് മാനേജ് മെൻറുകളുടെ കീഴുലുള്ള കോളേജുകൾ സ ന്ദർശിച്ച് യൂണിററുകളെ സമരത്തിന് സജ്ജ മാക്കണം. സമരത്തിൻെറ ഭാഗമായി സെക്ര ട്ടറിയററിനു മുമ്പിലും മാനേജ്മെൻറുകൾ ക്ക് മുമ്പിലും ഈ വർഷം തന്നെ ധർണകൾ സംഘടിപ്പിക്കണം. ജൂലൈ 11-ന് എറണാ കുളത്ത് എൻ. എസ്. എസ് കോളേജ് ടീച്ചേ ഴ്സ് കോ-ഓർഡിനേഷൻ കൗസിലിൻെറ ഒരു യോഗം വിളിച്ചുകൂട്ടി ഭാവിപരിപാടികൾ തീരുമാനിക്കണം.

## ഒരു പ്രിൻസിപ്പലിൻെറ മാന നഷ്ടം

പാലക്കാട് എൻ. എസ്. എസ്. എഞ്ചി നിയറിംങ് കോളേജ് ടീച്ചിങ്ങ്സ്റ്റാഫ് അ സോസിയേഷൻെറ ജനറൽ ബോഡിയോഗം തീരുമാനിച്ചതനുസരിച്ച് അദ്ധ്യാപകരുടെ അ വശതകളും പ്രിൻസിപ്പലിൻെറ അദ്ധ്യാപക ദ്രോഹനടപടികളും ചൂണ്ടിക്കാണിച്ചുകൊണ്ട് നോട്ടീസ് അടിച്ചതിന് പ്രിൻസിപ്പൽ, ടീച്ചിം ങ്ങ് സ്റ്റാഫ് അസോസിയേസൻ പ്രസിഡൻറ് പ്രൊ. ജെ. എൽ. പഞ്ഞിക്കാരൻ, സെക്ര ട്ടറി പ്രൊ. പി. സി. പിള്ള എന്നിവർക്കെ തിരായി, പതിനായിരം രൂപ നഷ്ടപരി ഹാരം ആവശ്യപ്പെട്ടുകൊണ്ടും അല്ലാത്തപക്ഷം മാനനഷ്ട കേസ് കൊടുക്കുമെന്നറിയിച്ചുകൊ ണ്ടും വക്കീൽ മുഖാന്തിരം നോട്ടീസ് നൽകി യിരിക്കുന്നു. സംഘടനാസ്വാതന്ത്ര്യത്തിൻമേ ലുള്ള ഈ കടന്നാക്രമണത്തെ ചെറുക്കുന്നതിന് ശക്തമായ പ്രക്ഷോഭ പരിപാടികളുമായി മു ന്നോട്ട് പോകാൻ ടീച്ചിംഗ് സ്റ്റാഫ് അസോ സിയേഷൻ തീരുമാനിച്ചിട്ടുണ്ട്.

പാലക്കാട് എൻ. എസ്. എസ് എഞ്ചി നിയറിംങ് കോളേജ് പ്രിൻസപ്പൽ പ്രൊ. ബാ ലകൃഷ്ണപ്പണിക്കരുടെ അദ്ധ്യാപകദ്രോഹന പടിയെയോഗം ശക്തിയായി അപലപിക്കു കയും അദ്ദേഹം ഇത്തരതിരിനടപടികളിൽ നിന്ന് പിൻതിരിയണമെന്ന് അപേക്ഷിക്കുക യും ചെയ്തു.

(11-ാം പേജിന്റെ തുടർച്ച)

college, and the management has attempted to explain away each of such instances. I for one colud not see why the 3rd respondent management refuses to follow the pattern adopted by all other colleges a pattern which gives some protection to those working in leave vacancies.

But we are not in the realms of wisdom, but of law. If the management had come up with a writ petition challenging Ext. P2. probaby this Court could have refused to exercise the discretion under Ext. 226 in their favour. They have advisedly chosen not to do so. The petitions might be serving their needs also; but the fact remains that he had come out successful in a competition for the post. and has beeh working as Lecturer from October, 1979. He cannot be held directly responsible for the sins of the management and denied relief on that basis It has also to be remembered that the 2nd respondent, if he was so minded, could have entered the fray when the vacancy was advertised.

7 In the absence of provisions of law which authorise the University to with held approval on the ground that a Management has not compelled with the practice of shifing or that it has failed to forward community certificates, I ihave to hold that Ext P2 is illegal. I quash the same and diect the University to consider the question afresh and pass orders in accordanc with law, within two months from today.

Allowed as above. No costs.

Sd/-

M. P. Menon, Judge

17th Feb. 1982

---

(പതിനഞ്ചാം പേജിന്റെ തുടർച്ച)

ഗവർമ്മേണ്ട് തീരുമാനമെടുക്കേണ്ട ചില കാര്യങ്ങളിൽ അദ്ധ്യാപക പ്രതിനിധികളുടെ സുചിന്തിതമായ അഭിപ്രായമറിയാൻ മന്ത്രം തൽപരനായിരുന്നു. ഗ്രേഡ് I നോൺ കാഡർ പ്രൊഫസ്സർ സ്ഥാനത്തിന് വേണ്ട സർവീസ് എത്ര? ഗ്രേഡ് II ന് 10 കൊല്ലം, ആക്കി ആകെ 18 കൊല്ലം എന്ന നിർദ്ദേശമാണ് നാം മുന്നോട്ടു വച്ചിട്ടുള്ളത്.

പരീക്ഷ സംബന്ധിച്ച കരിനിയമം പിൻവലിക്കുമ്പോൾ പകരമെന്തുവേണം? പ്രസ്തുത നിയമം നിരുപാധികം പിൻവലിക്കണമെന്ന് നാം ആവശ്യപ്പെട്ടത്. പരീക്ഷ നടത്താൻ ആവശ്യമായ നിയമങ്ങൾ വേറെ ഉണ്ട്. 1981 പണിമുടക്ക് കാലത്തെ ശമ്പളത്തെ സംബന്ധിച്ച് അന്നത്തെ ഗവർമ്മേണ്ട് നൽകിയ അനൗപചാരികമായ ഉറപ്പുകളുടെ കാര്യവും. അദ്ധ്യാപകർ സ്പെഷ്യൽ ക്ലാസ്സുകൾ നടത്തി മുഴുവൻ പാഠ്യാംശവും പഠിപ്പിച്ചതിനെപ്പററിയും അദ്ധ്യാപക പ്രതിനിധികൾ വിവരിച്ചു പറഞ്ഞു. അദ്ധ്യാപകർ തങ്ങളുടെ ജോലി പൂർണ്ണമായി ചെയ്തു. ഗവർമ്മേണ്ടാണ് ഉത്തമവിശ്വാസത്തിന് നിരക്കാത്തവിധത്തിൽ പ്രവർത്തിച്ചത്. ശമ്പളം സംബന്ധിച്ച് മന്ത്രി ഉറപ്പൊന്നും നൽകിയിട്ടില്ല. എങ്കിലും നാം ആശ കൈവെടിയേണ്ട.

## സംഘടന

കോൺഫറൻസിനെപ്പററി ഇനിയും പലതും എഴുതാം. പക്ഷെ, സംഘടനയെപ്പററി ചിലതു പറയാനുള്ളത്കൊണ്ട് ആ ഭാഗം ചുരുക്കുന്നു. സംഘടനയിൽ ഏററവും അധികം അംഗങ്ങളെ ചേർക്കാൻ യത്നിക്കേണ്ട സമയമാണിത്. അദ്ധ്യാപകരുടെ സ്ററാഫിൽ എല്ലാ എ. കെ പി. സി. ടി. എ അംഗങ്ങളും ചേരണം. ഈ രണ്ട് ലക്ഷ്യത്തെ മുൻനിർത്തി ബ്രാഞ്ചുകളുടെ ഭാരവാഹികൾ ഒട്ടും വൈകാതെ പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്. കഴിഞ്ഞ രണ്ടു മൂന്നുകൊല്ലമായി അദ്ധ്യാപകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്, അംഗസംഖ്യ ആ തോതിൽ വർദ്ധിച്ചിട്ടില്ല സ്ററാഫിൽ പേരാവുന്നവരിൽ പകുതിപോലും ചേർന്നു കഴിഞ്ഞിട്ടില്ല. ഈ വസ്തുതകളെ മനസ്സിൽ വെച്ച് ഓരോ ഭാരവാഹിയും, ഓരോ അസോസിയേഷൻ അംഗവും പുതുവർഷത്തെ പ്രവർത്തനങ്ങൾ ഏറെറടുക്കണമെന്ന് സവിനയം ഞാൻ അഭ്യർത്ഥിക്കുന്നു.

വാർഷിക വരിസംഖ്യ 15 ക. യാണെന്നറിയാമല്ലോ. പുതിയ അംഗം പ്രവേശന ഫീസ്സ് 1ക. കൂടി നൽകേണ്ടതുണ്ട്. സംഖ്യ ട്രഷററർക്ക് പ്രൊഫ: എം. കെ. ചിണ്ടൻകുട്ടി സർ സയ്യിദ് കോളേജ്, തളിപ്പറമ്പ് പി. ഒ. എന്ന വിലാസത്തിൽ അയക്കുക.

**kerala private college teacher**

*monthly journal of the all kerala private college teachers' association*

*No.37* *R. No. M-36025 / 8I* *Registered No. KL/TV (N) 237*

# എ. കെ. പി. സി. ടി.

## വെൽഫയർട്രസ്റ്റിൽ

## അംഗങ്ങളാവുക

**പ്രൈവററ് കോളേജ്
അദ്ധ്യാപകർക്കുള്ള
ഏററവും വലിയ
സുരക്ഷിതത്വ
പദ്ധതി**

സർവീസിലിരിക്കെ മരണമടയുന്നവരുടെ
ആശ്രിതർക്ക് പതിനായിരം രൂപാ
ധനസഹായം ലഭിക്കുന്നു.

**ജോലിചെയ്യാൻ കഴിയാത്ത
വിധത്തിൽ രോഗബാധിത
രാകുന്നവർക്കു ധനസഹായം**

*printed and published by v. narayanan kutty, at chempaka printers, trivandrum-4 phone: 702*
*chief editor: v. n. murali.*